**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** **24-06-2024 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് സംരംഭകത്വ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | എഞ്ചിനീയറിങ് കോളേജുകൾ പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപങ്ങളിൽ സംരംഭകത വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനു പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലന നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴ നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെ വ്യവസായ വികസന ഓഫീസർമാർ വഴ ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.<br><br>സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നല്കുകയും ചെയ്തു വരുന്നു.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന വിവിധ സംരംഭക പരിശീലന പരിപാടികളിലും സാങ്കേതിക പരിശീലനം നേടിയവർക്ക് മുൻഗണന നൽകിവരുന്നു.<br><br>കൂടാതെ കേരള സ്റ്റാർട്ട് അപ്പ് മിഷൻ വഴിയുള്ള പദ്ധതികളും ഇവർക്ക് പ്രയോജനപ്പെടുത്താവു ന്നതാണ്. |
| (ബി) | വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ സംരംഭകത്വ പരിശീലനം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ എന്തെല്ലാം | (ബി) | യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ എന്ന പദ്ധതി |

| | | | |
|---|---|---|---|
| | സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | | നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതി വഴി സാങ്കേതികമായ പരിശീലനം ലഭിച്ചതും അതുപോലെ അവസരങ്ങൾ തിരിച്ചറിയുകയും അവയിൽ പ്രവർത്തിക്കാനുള്ള അറിവും പ്രചോദനവും ഉള്ളവരുമായ സംരംഭകരെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. ED ക്ലബ്ബ് വഴി പരിശീലനം ലഭിക്കുന്ന യുവാക്കൾ അടുത്ത തലമുറയുടെ സംരംഭകർ ആകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് ആശ്വാസം നൽകുകയും സംസ്ഥാനത്തെ വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.<br><br>വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാർത്ഥികളുടെ മികവ് ഉപയോഗപ്പെടുത്തുന്നതിന്, സംരംഭങ്ങളും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്ന ടി പദ്ധതിയുടെ ആദ്യ ഘട്ടമായി സാങ്കേതിക സർവകലാശാലയുമായി MoU (Memorandum of Understanding) കഴിഞ്ഞ സാമ്പത്തിക വർഷം ഒപ്പ് വച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തുകയും അതനുസരിച്ച് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ